കലക്കാട്, കൊരാളി, മരുതാരാട്ട്, ചെറിയകട്ടപ്പള്ളി, ജോസഗിരി, ചേനാട്ടുകൊല്ലി, കാനംവയൽ തുടങ്ങിയ സ്ഥലങ്ങളും രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനപ്രകാരം വൈദ്യുതീകരിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 60.4 കി. മീ. 11 കെ. വി. ലൈനും 91 എണ്ണം 25 കെ. വി. എ. ട്രാൻസ്ഫോമറുകളും 5 കി. മീ. ത്രീ ഫേസ് ലൈനും 18.2 കി. മീ. സിംഗിൾ ഫേസ് ലൈനും ഉൾപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി കണക്ഷൻ

191 [1133] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി നാദാപുരം, എടച്ചേരി, തൊട്ടിൽപ്പാലം, കുറ്റ്യാടി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ വിവിധ ഭാഗങ്ങളിലായി എത്ര വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഓരോ വിഭാഗങ്ങളിലും നൽകിയിട്ടുള്ള കണക്ഷനുകളുടെ എണ്ണം തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) നാദാപുരം നിയോജകമണ്ഡലത്തിൽ അടുത്ത ഒരു വർഷത്തിനിടയിൽ എത്ര വൈദ്യുതി കണക്ഷൻ നൽകാനാണ് ബോർഡ് പദ്ധതിയിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പാറക്കടവിൽ അനുവദിച്ചിട്ടുള്ള സെക്ഷൻ ഓഫീസ് എന്നാണ് പ്രവർത്തനക്ഷമമാകുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 5500.

(സി) പാറക്കടവ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

† അനുബന്ധം X.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 191 (1133) കാണുക]

	ഇലക്ട്രിക്കൽ സെക്ഷന്റെ പേര്			
	എടച്ചേരി	നാദാപുരം	കുറ്റ്യാടി	തൊട്ടിൽപ്പാലം
കൃഷി	16	33	71	11
വ്യവസായം	26	99	153	25
വാണിജ്യം	105	1096	1272	195
ഗാർഹികം	1378	5430	7873	1438
ആകെ	**1525**	**6658**	**9369**	**1669**

LIBRARY ARCHIVES Kerala Legislative Assembly